**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 108** **25.04.2017-ൽ മറുപടിക്ക്**

## വിവിധ കേസ്സുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിനു കീഴിലെ വിവിധ വകുപ്പുകൾ 2014 ജനുവരി 1-ന് മുമ്പ് വിവിധ കേസുകൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത, തടഞ്ഞുവച്ച എത്ര വാഹനങ്ങൾ സർക്കാർ ഓഫീസ് പരിസരം, റോഡു പുറമ്പോക്കുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികളുടെ പറമ്പുകൾ എന്നിവിടങ്ങളിൽ ഇപ്പോഴും സൂക്ഷിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ; | (എ) | വിവിധ കേസുകൾ/സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് 2014 ജനുവരി 1-ന് മുൻപ് സംസ്ഥാന സർക്കാരിനു കീഴിലെ വിവിധ വകുപ്പുകൾ പിടിച്ചെടുത്ത/തടഞ്ഞുവച്ച 15475 വാഹനങ്ങൾ സർക്കാർ ഓഫീസ് പരിസരത്തിലും (പോലീസ് സ്റ്റേഷൻ പരിസരം ഉൾപ്പെടെ), 2894 വാഹനങ്ങൾ റോഡ് പുറമ്പോക്കിലും, 1020 വാഹനങ്ങൾ മറ്റ് പൊതുസ്ഥാപനങ്ങളിലും, 434 വാഹനങ്ങൾ സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും ഇപ്പോഴും സൂക്ഷിക്കുന്നുണ്ട്. |
| (ബി) | ഇവയിൽ എത്ര വാഹനങ്ങൾ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കേണ്ടവയാണെന്നതിന്റെ വിശദവിവരം നൽകാമോ; | (ബി) | ഇവയിൽ 15581 വാഹനങ്ങൾ വിവിധ കേസുകളുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കേണ്ടവയാണ്. |
| (സി) | കേസുകൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങളിൽ ഏറ്റവും കൂടുതൽ കാലമായി കസ്റ്റഡിയിൽ ഉള്ളത് ഏതുവർഷം പിടിച്ചെടുത്തവയാണ്; | (സി) | കേസുകൾ/സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങളിൽ ഏറ്റവും കൂടുതൽ കാലമായി കസ്റ്റഡിയിൽ ഉള്ളത് 2013 വർഷം പിടിച്ചെടുത്തവയാണ്. |
| (ഡി) | ഓരോ ഓഫീസിലും ഇതിന്റെ കണക്ക സൂക്ഷിക്കാനും മേൽ നടപടികൾ സ്വീകരിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ; | (ഡി) | സ്റ്റേഷൻ ഹൗസ് ഓഫീസർമാരാണ് ഇതിന്റെ കണക്ക് സൂക്ഷിക്കാനും മേൽ നടപടികൾ സ്വീകരിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധമായി മേലാധികാരികളിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ? | (ഇ) | ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയും മറ്റ് ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും നൽകുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായി പാലിച്ച് വരുന്നു. വീഴ്ച വരുത്തിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ